Talented Bankers Literary Panel
പുസ്തക പരിചയം 90

പരിചയപ്പെടുത്തുന്നത്
കെ ജി ഉണ്ണികൃഷ്ണൻ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
കുമ്പള ശാഖ

കുഴലൂത്തുകാരൻ (നോവൽ)
ആർ ശ്രീലേഖ

കേരളത്തിലെ പ്രമുഖ ഐപിഎസ് ഉദ്യോഗസ്ഥയായ ഈ കഥാകാരിയുടെ "മരണദൂതൻ "എന്ന അപസർപ്പക നോവലിന്റെ പിന്തുടർച്ചയാണ് "കുഴലൂത്തുകാരൻ "എന്ന ഈ നോവൽ.

മുൻ നോവലിലെ പ്രധാന കഥാപാത്രമായ റീത്ത മേരി ഐപിഎസ് തന്നെയാണ് ഈ നോവലിലെയും മുഖ്യകഥാപാത്രം

ഒരു ഗ്രാമത്തിൽ നിന്ന് അടുത്തടുത്ത ദിവസങ്ങളിലായി മൂന്നു കുട്ടികൾ നഷ്ടപ്പെടുന്നു. ക്രൈംബ്രാഞ്ച് എസ്പി യായ റീത്ത മേരി എന്ന ഉദ്യോഗസ്ഥ സമാനതകളുള്ള ഈ മൂന്ന് കേസിൻ്റേയും അന്വേഷണം ഏറ്റെടുക്കുന്നു. അവർക്ക് ആകെ ലഭിക്കുന്ന സൂചന കുട്ടികളെ നഷ്ടപ്പെട്ടു എന്ന് കരുതപ്പെടുന്ന സ്ഥലത്ത് നിന്നും ലഭിക്കുന്ന" എനിക്കു നൽകിയ വാഗ്ദാനം പാലിക്കും വരെ ഇവനെ /ഇവളെ ഞാൻ കൊണ്ടുപോകുന്നു" എന്ന കുറിപ്പ് മാത്രമാണ്. ഒരേതരം പേപ്പറിലും കൈയ്യക്ഷരത്തിലും എഴുതിയ ഈ കുറിപ്പുകൾ എഴുതിയത് "കുഴലൂത്തുകാരൻ" എന്ന ആളും.

ഇതിന്റെ തുമ്പ് പിടിച്ചാണ് കേസ് അന്വേഷണം ആരംഭിക്കുന്നത് . കഥയിൽ എസ് പിയെ പല സമയങ്ങളിലും മാനസികമായും ബൗധികമായും സഹായിക്കാനായി നസീമ എന്ന പത്രപ്രവർത്തകയായ കൂട്ടുകാരിയും, തമ്പി എന്ന (റീത്തയെ സ്നേഹിക്കുന്ന) അഡ്വക്കേറ്റും എത്തുന്നു

വക്കീൽ ഒരിക്കൽ കുഴലൂത്തുകാരൻ എന്നതിനു പകരമായി ഉപയോഗിച്ച "പൈഡ് പെപ്പർ "എന്ന വാക്കിന്റെ പിന്നാലെ നടത്തിയ അന്വേഷണത്തിൽ പണ്ടത്തെ ഒരു ഇംഗ്ലീഷ് കഥയിലെ 'സമാന രംഗം പോലീസിന് മനസ്സിലാവുകയും അതിലൂടെ ലക്ഷ്യത്തിലെത്തുന്നതു മാണ് കഥ

കഥയിൽ ഉടനീളം ഇതിൻ്റെയെല്ലാം സൂത്രധാരൻ എന്ന സംശയത്തോടെ സി ആർ പി എന്ന ഒരു അജ്ഞാത കഥാപാത്രത്തെ കുറിച്ച് പറയുന്നുണ്; പക്ഷെ അടുത്ത പുസ്തകത്തിൽ മാത്രമേ അയാളെ കുറിച്ച് കൂടുതൽ അറിയിക്കുകയുള്ളൂ എന്ന ഒരു പിൻകുറിപ്പ് പുസ്തകത്തിൽ നല്കിയിട്ടുണ്

ഒരു ഡിക്റ്ററ്റീവ് നോവലിൽ സാധാരണ കാണാറുള്ളതുപോലെ ഒന്നിനു പുറകെ ഒന്നായി പല കുരുക്കുകൾ അഴിച്ച് കുറ്റവാളിയെ കണ്ടു പിടിക്കുന്ന രീതി വിട്ട് നേരിട്ട് തന്നെ ഒരു കഥ പറഞ്ഞു പോകുന്നു '

ഒരു പോലിന് കേസ് ഡയറി വായിക്കുന്നതു പോലെ കഥയുടെ രസച്ചരട് പൊട്ടാതെ ഒറ്റയിരുപ്പിൽ വായിച്ച് തീർക്കാവുന്ന ഒരു നോവൽ.

പ്രസാധകർ :ഡി സി ബുക്സ്
**പേജ്**: 152
വില: 80/-